4 (* 90) മാനവീയം സാംസ്ക്കാരിക മിഷൻ

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ :
ശ്രീ. പി. രാഘവൻ :
ശ്രീ. ടി.കെ. ബാലൻ :
ശ്രീ. എം. ദാസൻ :
ശ്രീ. വി.സി. കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ സഹസ്രാബ്ദത്തെ വരവേൽക്കാൻ ലക്ഷ്യമിട്ട് രൂപീകരിച്ച മാനവീയം സാംസ്കാരിക മിഷന്റെ പഞ്ചായത്ത് തലംവരെയുള്ള ഘടന വെളിപ്പെടുത്തുമോ;

(ബി) മാനവീയത്തിന്റെ വിശദാംശം അടങ്ങിയ സ്റ്റേറ്റ്മെന്റ് മേശപ്പുറത്തു വയ്ക്കുമോ;

(സി) മാനവീയം കമ്മിറ്റിക്ക് സർക്കാർ നൽകിയിട്ടുള്ള സാമ്പത്തിക സഹായം എത്രയാണ് ; തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള വിഹിതം കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഡി) മാനവീയം കമ്മിറ്റി ഇതിനകം നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്;

(ഇ) മാനവീയത്തിന്റെ ഭാഗമായി സർക്കാർ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് എന്തൊക്കെ പരിപാടികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്;

(എഫ്) മാനവീയാഘോഷങ്ങളുടെ ഭാഗമായി ദുർബല വിഭാഗങ്ങൾക്ക് വിവിധ തരത്തിലുള്ള ആശ്വാസം പ്രദാനം ചെയ്യാനുള്ള ഒരു പദ്ധതി ആവിഷ്ക്കരിക്കുമോ;

(ജി) മാനവീയാഘോഷങ്ങൾക്ക് ആകെ എന്തു തുക ചെലവു വരുമെന്നും പ്രസ്തുത തുക കാര്യക്ഷമമായി ചെലവിടാനുള്ള മാർഗ്ഗരേഖകൾ തയ്യാറാക്കിയിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ;

(എച്ച്) സന്നദ്ധ സംഘടനകൾ മാനവീയം കമ്മിറ്റി പ്രവർത്തനങ്ങളിൽ വഹിക്കുന്ന പങ്ക് എന്താണെന്ന് വ്യക്തമാക്കുമോ?

ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) : സർ, (എ) ഉന്നതാധികാര മാർഗ്ഗനിർദ്ദേശക സമിതി, ഓർഗനൈസിംഗ് കമ്മിറ്റി, സ്റ്റാൻഡിംഗ് കമ്മിറ്റി, വിവിധ സബ് കമ്മിറ്റികൾ ജില്ലാ-ബ്ലോക്ക്, ഗ്രാമ പഞ്ചായത്തുതല കമ്മിറ്റികളുമാണ്. മാനവീയം പരിപാടികൾ നടപ്പിലാക്കുന്നതിന് രൂപീകരിച്ചിട്ടുള്ള പ്രധാന കമ്മിറ്റികൾ.

(ബി) മാനവീയം സാംസ്ക്കാരിക മിഷൻ മാർഗ്ഗനിർദ്ദേശം രേഖ ഇതോടൊപ്പം സമർപ്പിക്കുന്നു.

(സി) സർക്കാർ സാമ്പത്തിക സഹായമായി ഒരു കോടി രൂപ നൽകിയിട്ടുണ്ട്. തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കുള്ള വിഹിതം കണക്കാക്കിയിട്ടില്ല.

(ഡി) 1.11.99-ൽ മാനവീയം പരിപാടികളുടെ കേളികൊട്ട് നടന്നു. തിരുവനന്തപുരത്ത് വി.ജെ.ടി. ഹാളിൽ നവംബർ 2 മുതൽ 7 വരെ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുസ്തക പ്രകാശനവും പ്രഭാഷണവും നടന്നു. കേരള സർവകലാശാലാ യൂണിയൻ വിളംബര ജാഥ നടത്തി. തിരുവനന്തപുരം വൈ.എം.സി.എ. ഹാളിൽ ഫോട്ടോ എക്സിബിഷനും തൃപ്പൂണിത്തുറ, തിരുവനന്തപുരം എന്നിവിടങ്ങളിൽ വിയറ്റ്നാം സംഘത്തിന്റെ വിവിധ കലാ

LIBRARY ARCHIVES Kerala Legislative Assembly

പരിപാടികളും നടന്നു. പ്രൊഫ. മജീഷ്യൻ മുതുകാടിന്റെ പരിസ്ഥിതി മാജിക്, മാനവീയം ശാസ്ത്രകലാജാഥ, തിരുവനന്തപുരത്തു നടന്ന മിഖായേലിന്റെ വൃക്ഷചിത്ര പ്രദർശനം മുതലായവയും മാനവീയം സംഘടിപ്പിച്ച പരിപാടികളിൽ ഉൾപ്പെടുന്നു.

(ഇ) വിവിധ വകുപ്പുകളുടേയും എല്ലാ വിഭാഗം ജനങ്ങളുടേയും പ്രവർത്തനത്തിലൂടെ ജനങ്ങളിൽ ഒരു സാംസ്ക്കാരിക നവോന്മേഷമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. വിവിധ വകുപ്പുകൾ നടപ്പിലാക്കുന്ന വികസന പ്രവർത്തനങ്ങൾക്ക് വേഗത കൈവരിക്കുവാനും തദ്വാരാ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുവാനുമാണ് ഉദ്ദേശം.

(എഫ്) വകുപ്പുകൾ കൈകാര്യം ചെയ്യുന്ന ക്ഷേമപ്രവർത്തനങ്ങൾ സമയബന്ധിതമായി കാര്യക്ഷമതയോടുകൂടി നടപ്പിലാക്കുന്നതിനും മാനവീയം ലക്ഷ്യമിട്ടിട്ടുണ്ട്. ഇത് ദുർബല വിഭാഗത്തിൽപ്പെട്ട ആൾക്കാർക്ക് ആശ്വാസം നൽകുന്നതാണ്.

(ജി) സർക്കാർ ഇക്കൊല്ലം ഒരു കോടി രൂപ മാനവീയത്തിനായി നൽകിയിട്ടുണ്ട്. മാനവീയം പരിപാടികളുടെ തുക ചെലവഴിക്കുന്നത് സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ അനുവാദത്തോടെയാണ്. ഓരോ അർദ്ധമാസത്തെ ചെലവു വിവരം സ്റ്റാൻഡിംഗ് കമ്മിറ്റി പരിശോധിക്കുന്നതാണ്.

(എച്ച്) പല സന്നദ്ധ സംഘടനകളിലെ പ്രവർത്തകരും മാനവീയവുമായി സഹകരിച്ച് പ്രവർത്തിക്കുന്നുണ്ട്.

<u>ശ്രീ. തോമസ് ചാഴികാടൻ</u> : സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ വിവിധ വകുപ്പുകളിൽനിന്നും ഇതിനായി ഫണ്ട് കണ്ടെത്തി പണം ചെലവാക്കുമെന്നു പറഞ്ഞു. ഇപ്പോൾ ഒരു കോടി രൂപയാണ് മാറ്റിവച്ചിരിക്കുന്നതെന്നും സൂചിപ്പിക്കുകയുണ്ടായി. മാനവീയം പരിപാടി രണ്ടായിരത്തി ഒന്നിൽ അവസാനിക്കുമ്പോൾ മൊത്തം എത്രതുക അതിനായി ചെലവഴിക്കേണ്ടി വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആ തുക വിവിധ പ്രവർത്തനങ്ങൾക്കായി മാറ്റി വച്ചിരിക്കുന്ന തുകയിൽ നിന്നായിരിക്കുമോ മാറ്റുന്നതെന്നറിയുമോ?

<u>ശ്രീ. ടി.കെ. രാമകൃഷ്ണൻ</u> : സർ, മാനവീയം പരിപാടി അവസാനിക്കുന്നതിനു മുമ്പ് എത്ര രൂപ ചെലവാകുമെന്ന് ഇപ്പോൾ പറയാൻ സാദ്ധ്യമല്ല. ഒരു കോടി രൂപ കേന്ദ്ര കമ്മിറ്റിയുടെ നിർദ്ദേശ പ്രകാരം ചെലവു ചെയ്യുന്ന സംഖ്യയാണ്. ഓരോ ജില്ലയ്ക്കും ഓരോ ലക്ഷം രൂപ വീതം ജില്ലയിലെ ആവശ്യങ്ങൾക്കുവേണ്ടി വിനിയോഗിക്കുന്നതിനുവേണ്ടി ഇപ്പോൾ അനുവദിച്ചിട്ടുണ്ട്. പിന്നീട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അവരുടെ ഓൺ ഫണ്ടിൽനിന്നും തുക ചെലവു ചെയ്യുന്നതിനുവേണ്ടിയുള്ള പെർമിസീവ് സാംഗ്ഷൻ കൊടുത്തിട്ടുണ്ട്. ഓരോ ഡിപ്പാർട്ടുമെന്റിന്റേയും പ്രവർത്തനങ്ങളെ സഹായിക്കുക എന്നുള്ളതാണ് മാനവീയത്തിന്റെ ജോലി. ആ ഡിപ്പാർട്ടുമെന്റിന്റെ വികസന പ്രവർത്തനങ്ങൾക്കുള്ള തുക ചെലവാക്കേണ്ടത് അവരാണ്. അവർ ചെയ്യുന്ന പ്രവർത്തനങ്ങളെ സഹായിക്കുക എന്നുള്ളതാണ് മാനവീയം ചെയ്യുന്നത്.

<u>മി. സ്പീക്കർ</u> : ഓർഡർ, ഓർഡർ : ചോദ്യോത്തരവേളയിൽ അംഗങ്ങൾ പരമാവധി സീറ്റുകളിൽത്തന്നെ ഉണ്ടായിരിക്കുന്നതാണ് നല്ലത്.

<u>ശ്രീ. തോമസ് ചാഴികാടൻ</u> : സർ, മാനവീയം പരിപാടികൾ നടത്തുമ്പോൾ സ്വാഭാവികമായും നമ്മുടെ സംസ്ഥാനത്ത് വിവിധ കലാ സാംസ്ക്കാ

LIBRARY ARCHIVES Kerala Legislative Assembly

രിക സമിതികളുടെയും ക്ലബ്ബുകളുടെയും പ്രവർത്തനങ്ങളെ ഇതുമായി ബന്ധിപ്പിച്ചുകൊണ്ടായിരിക്കും നടത്തുന്നത് എന്നു വിചാരിക്കുന്നു. അങ്ങനെ നടത്തുമ്പോൾ സാംസ്ക്കാരിക സമിതികൾക്കും ക്ലബ്ബുകൾക്കും ഇതിനായി ഉപയോഗിക്കപ്പെടുന്ന ഫണ്ടിൽ നിന്ന് തുക നൽകാനും സാദ്ധ്യതയുണ്ട്. അങ്ങനെ കലാ സാസ്ക്കാരിക സമിതികളെ തെരഞ്ഞെടുക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള മാനദണ്ഡം സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ?

ശ്രീ. ടി.കെ. രാമകൃഷ്ണൻ : സർ, അതാതു ഡിപ്പാർട്ടുമെന്റുകൾ അതാതു സ്ഥലത്ത് സ്വന്തമായി നടത്തുന്ന പ്രവർത്തനങ്ങളെ സഹായിക്കുകയാണ് മാനവീയത്തിന്റെ ജോലി. സമിതികളെ തെരഞ്ഞെടുക്കുന്നത് മാനവീയത്തിന്റെ പരിധിയിൽ വരുന്ന കാര്യങ്ങളല്ല. അതിന് ജില്ലാതല കമ്മിറ്റികൾ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായി ജില്ലാ കളക്ടർ സെക്രട്ടറിയായിട്ടുള്ള കമ്മിറ്റികളാണ് അതു ചെയ്യുന്നത്. പ്രത്യേകം പ്രത്യേകം കമ്മിറ്റികളുണ്ട്. ബ്ലോക്ക് പഞ്ചായത്തു തലത്തിൽ വരുന്ന ഈ കമ്മിറ്റികളുടെ നേതൃത്വത്തിലാണ് ഈ പരിപാടികൾ എല്ലാം നടക്കുന്നത്.

ശ്രീ. മാമ്മൻ മത്തായി : സർ, ഏതെങ്കിലും ഒരു വകുപ്പിന്റെ മാത്രമായി മാനവീയം പരിപാടി വിജയിപ്പിക്കാൻ സാധിക്കയില്ലെന്നും എല്ലാ വകുപ്പുകളുടെയും സംയുക്ത സംരംഭമെന്ന നിലയിൽ മാത്രമേ വിജയിപ്പിക്കാൻ സാധിക്കുകയുള്ളുവെന്നുമാണ് മുഖ്യമന്ത്രി 10.11.99 ൽ പ്രസ്താവിച്ചത്. ഏതെല്ലാം വകുപ്പുകൾ മാനവീയവുമായി ബന്ധപ്പെട്ട പുതിയ പദ്ധതികളുണ്ടാക്കിയിട്ടുണ്ടെന്നു വ്യക്തമാക്കുമോ?

ശ്രീ. ടി.കെ. രാമകൃഷ്ണൻ : സർ, പുതിയ പദ്ധതികളുണ്ടാക്കുന്നതു അതാത് വകുപ്പുകൾ തന്നെയാണ്. ആ വകുപ്പുകൾ ഉണ്ടാക്കുന്ന പരിപാടികൾക്ക് പിന്തുണ നേടിക്കൊടുക്കുകയും അതിന്റെ ഗതിവേഗം വർദ്ധിപ്പിക്കുകയും ചെയ്യും.

ശ്രീ. മാമ്മൻ മത്തായി : സർ, സാംസ്ക്കാരിക വകുപ്പ് ഒഴികെ മറ്റേതെങ്കിലും വകുപ്പുകൾ പരിപാടികളുണ്ടാക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അവ ഏതാണ്?

ശ്രീ. ടി.കെ. രാമകൃഷ്ണൻ : സർ, എല്ലാ വകുപ്പുകളിലും അതിന്റെ പ്രവർത്തനം നടക്കുന്നുണ്ട്.

ശ്രീ. മാമ്മൻ മത്തായി : സർ, മാനവീയവുമായി ബന്ധപ്പെട്ട് നടത്താൻ ലക്ഷ്യമിട്ട നിരവധി പദ്ധതികൾ മുഴുവനും ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട പദ്ധതിയിൽപ്പെടുത്തി നടത്തിയാൽ മതിയെന്നു തീരുമാനമെടുത്തതായി അറിയുന്നു. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീ. ടി.കെ. രാമകൃഷ്ണൻ : സർ, ജനകീയാസൂത്രണം ഉൾപ്പെടെയുള്ള കാര്യങ്ങൾ നടക്കുന്നുണ്ട്. അതിനു പുറമേ ഈ പ്രത്യേക കാലഘട്ടത്തിൽ മാനവീയവുമായി ബന്ധപ്പെടുത്തി നടത്തുന്ന പരിപാടികൾക്കും സഹായവും സഹകരണവും ഗതിവേഗം വർദ്ധിപ്പിക്കലുമാണ് മാനവീയത്തിന്റെ ജോലി എന്നു ഞാൻ പറഞ്ഞു. ജനകീയാസൂത്രണവുമായി ബന്ധപ്പെട്ടു നടത്തുന്ന പരിപാടികൾക്കും പ്രവർത്തനങ്ങൾക്കും യാതൊരു കുഴപ്പവും വരുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജി. കാർത്തികേയൻ : സർ, മന്ത്രിസഭയുടെ തീരുമാനം മാനവീയ വുമായി ബന്ധപ്പെട്ട് പത്രങ്ങളിൽ വന്നതിനു വ്യത്യസ്തമായി അങ്ങ് ഇവിടെ മറുപടി പറഞ്ഞു. സാംസ്ക്കാരിക വകുപ്പുമായി ബന്ധപ്പെട്ട പരിപാടികൾ മാത്രമാണ് എന്ന്. സർ, അങ്ങയുടെ കൂടെയുള്ള മന്ത്രിമാരുടെ അനുവാദമി ല്ലാതെ അവരുടെ വകുപ്പുകളിൽ ടച്ച് ചെയ്യാൻ പറ്റില്ല. കേരളാ സംസ്ഥാനത്ത് നമ്മുടെ സാമൂഹ്യ ജീവിതത്തിലെ മാറ്റങ്ങളുമായി ബന്ധപ്പെട്ട എല്ലാ വികസന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ഒരു പരിപാടി തുടങ്ങി അതിന്റെ മുകളിൽ മാനവീയമെന്ന പേര് എഴുതി വച്ചാൽ അത് എങ്ങനെ മാനവീയമാകും; മാന വീയമെന്നതിന്റെ അർത്ഥത്തെക്കുറിച്ച്, പ്രവർത്തനങ്ങളെക്കുറിച്ച് ആളുകൾക്കി ടയിൽ വലിയ കൺഫ്യൂഷൻ നിലനിൽക്കുന്നു. ഇവിടെ നടക്കുന്ന ഓരോ പരി പാടികളുടെയും മുകളിൽ മാനവീയം എന്ന് എഴുതി വച്ചാൽ അത് മാനവീയ മാകുമോ? മറ്റ് മന്ത്രിമാർ അവരുടെ വകുപ്പുകളിലെ വികസന പ്രവർത്തനങ്ങ ളിൽ മാനവീയ വിഷയവുമായി ബന്ധപ്പെടുത്താൻ സമ്മതിക്കുന്നുണ്ടോ; രണ്ടു മില്ലാത്ത സാഹചര്യത്തിൽ മാനവീയത്തിന്റെ പ്രവർത്തനങ്ങൾ കേളി കൊട്ടിൽ മാത്രം നിൽക്കുന്നു. അങ്ങ് ഈ കേളികൊട്ടിന്റെ അർത്ഥം പറയണം. കാരണം പുതിയ സഹസ്രാബ്ദത്തെ വരവേൽക്കാൻ കേരള സംസ്ഥാനം മുഴുവൻ നിൽക്കുമ്പോൾ ഒരു വിഭാഗം മാനവീയം എന്ന പേരിൽ ഇതിനെ ഹൈജാക്ക് ചെയ്തിരിക്കുന്നു. അതിലുള്ള സംശയം കേരളത്തിലെ ജനങ്ങൾക്കുണ്ട്. ആ സംശയം നീക്കാൻ ഗവൺമെന്റിന്റെ മുൻപിൽ എന്താണ് മറുപടിയുള്ളത്?

ശ്രീ. ടി.കെ. രാമകൃഷ്ണൻ : സർ, മറ്റു വകുപ്പുകൾ ഇടപെടുന്നത ല്ലയിത്. മറ്റു വകുപ്പുകളുണ്ടാക്കുന്ന വികസന പ്രവർത്തനങ്ങളെ സഹായിക്കു കയും അതുമായിട്ടുള്ള ജനപങ്കാളിത്തം ഉറപ്പു വരുത്താനുള്ള പരിശ്രമങ്ങ ളാണ് നടത്തുന്നത്. അതാണ് മാനവീയം. മറ്റു ചിലതൊക്കെ ബഹുമാനപ്പെട്ട മെമ്പറുടെ ഊഹമാണ്. പുതിയ സഹസ്രാബ്ദത്തെ സ്വാഗതം ചെയ്യുന്നതിനു മുൻപ് എല്ലാ രംഗങ്ങളിലും കൂടുതൽ കൂടുതൽ വികസന പ്രവർത്തനങ്ങൾ നടക്കണം. മുഖ്യമായും സാംസ്ക്കാരിക പരിപാടികൾക്ക് ആക്കം കൊടുക്കണം. അതുപോലെ തന്നെ നമ്മുടെ തനതു കലാപരിപാടികൾക്കും നാട്ടിൻ പുറത്തെ പരിപാടികൾക്കും കൂടുതൽ പ്രോത്സാഹനം കൊടുക്കണം. മറ്റു പ്രവർത്തനങ്ങളുള്ളപ്പോൾ എന്തിനാണ് മാനവീയം എന്നു ചോദിച്ചാൽ പുതിയ സഹസ്രാബ്ദത്തെ വരവേൽക്കുന്നതിനുവേണ്ടി നമ്മൾ നടത്തുന്ന പുതിയ പ്രവർത്തനമാണിത്. ആ പ്രവർത്തനം എല്ലാ വികസന പ്രവർത്തനങ്ങ ളെയും മുന്നോട്ടു കൊണ്ടുപോകാൻ സഹായിക്കണമെന്നുള്ളതാണ്. എല്ലാവ രുടെയും സഹകരണം ഇക്കാര്യത്തിലുണ്ടാകണം. എല്ലാവരും ഇപ്പോൾ ത്തന്നെ സഹകരിക്കുന്നുണ്ട്.

ശ്രീ. ജി. കാർത്തികേയൻ : അങ്ങ് പറഞ്ഞു കേരളത്തിന്റെ തനതായ കലകളും സംസ്ക്കാരങ്ങളും പ്രോത്സാഹിപ്പിക്കുന്നതിനും പരിരക്ഷിക്കുന്നതി നുംകൂടി മാനവീയം പ്രവർത്തനംകൊണ്ട് ഉദ്ദേശിക്കപ്പെടുന്നുവെന്ന്. തിരുവന ന്തപുരത്തെ യാതൊരു സ്വകാര്യ ക്ലബ്ബും പണം കൊടുത്താൽ ഡൽഹി യിൽനിന്നും ഇന്ത്യയുടെ മറ്റു പല ഭാഗങ്ങളിൽനിന്നും വരുന്ന കലാ കാരൻമാരെ മാനവീയത്തിന്റെ പേരിൽ സർക്കാർ ചെലവിൽ കൊണ്ടുവന്ന് ഒരു ഫൈവ് സ്റ്റാർ ലൈഫ് സംഭാവന ചെയ്തിട്ട് നടത്തുന്ന ഈ പരിപാടി യിൽ കേരളത്തിലെ ഏതു തനത് കലയാണ്, ഏത് അടിസ്ഥാന കലയാണ് കേരളത്തിന്റെ ഏത് പൈതൃകമാണ്, എന്ത് സംസ്ക്കാരമാണ് സംരക്ഷിക്കപ്പെ ടുന്നത്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി.കെ. രാമകൃഷ്ണൻ : ഇപ്പോൾ കലാ സമിതികളും കലാ കാരൻമാരും നമ്മുടെ ഈ പരിപാടികളിൽ സഹകരിക്കുന്നുണ്ട്. ഇപ്പോൾ നട ന്നിട്ടുള്ള കേളികൊട്ട് പരിപാടിയിലും അവർ സഹകരിച്ചു. നല്ല പരിപാടിയാ യിരുന്നു.

ശ്രീ. ജി. കാർത്തികേയൻ : ഇൻഡ്യയിൽ ആർക്കും പേ ചെയ്താൽ വന്നുപോകുന്ന പ്രതിഭാധനൻമാരെ, കലാകാരൻമാരെ മാനവീയത്തിന്റെ പേരിൽ സർക്കാർ ചെലവിൽ ഈ നാട്ടിൽ കൊണ്ടുവന്ന് അവരുടെ പരിപാടി നടത്തി, അ തിന്റെ കൂടെ എല്ലാവരുടെയും പടങ്ങൾ ഇലക്ട്രോണിക് മീഡിയായിൽ വ രുമ്പോൾ കേരളത്തിന്റെ ഏത് തനത് കലയാണ് പ്രോത്സാഹിക്കപ്പെടുന്നത്?

ശ്രീ. ടി.കെ. രാമകൃഷ്ണൻ : തനത് കല സ്വന്തം നിലയ്ക്ക് പ്രവർത്തിച്ച് ഈ പരിപാടികളിൽ പങ്കെടുക്കുന്നുണ്ട്. എല്ലാ സ്ഥലത്തുമുണ്ട്. പ്രാദേശികമായ എല്ലാ സ്ഥലത്തും കലാകാരൻമാരുണ്ട്. എവിടെയാണെന്ന് ചോദിച്ചാൽ എന്ത് പറയാനാണ്? എല്ലാ സ്ഥലത്തുമുണ്ട്. ഡൽഹിയിൽ നമ്മുടെ കേരള കലാമണ്ഡലത്തിലെ 50 കലാകാരൻമാർ പങ്കെടുത്തു. സംഗീത നാടക അക്കാദമികളടക്കമുള്ളവർ ഇതിൽ സഹകരിക്കുന്നുണ്ട്. അവർ പരിപാടികൾ ആവിഷ്ക്കരിക്കുന്നുണ്ട്. നേരിട്ട് മാനവീയത്തിന്റെ ഭാഗ മായി പൈസ കൊടുക്കുന്നില്ല. അവർ സ്വന്തമായി പൈസയുണ്ടാക്കി പരിപാ ടികൾ ആവിഷ്ക്കരിച്ച് ഇതിന്റെ ഭാഗമായി അവർ നടപ്പിലാക്കിക്കൊണ്ടിരിക്കു കയാണ്. നാട്ടിൽപുറങ്ങളിലെ കലാപരിപാടികളിലൊക്കെ അവർ സഹകരി ക്കുന്നുണ്ട്. അതിന് ആരാണ് പൈസ ചെലവഴിക്കുന്നത്? അതിന് ഒന്നും പൈസ ചെലവഴിക്കുന്നില്ല.

(ചോദ്യോത്തര സമയം കഴിഞ്ഞു)

(ii) തിരുത്ത്

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, 10-ാം കേരള നിയമസഭയുടെ 9-ാം സമ്മേളനത്തിൽ 4.2.99-ൽ നക്ഷത്രചി ഹ്നമിടാത്ത 1417-ാം നമ്പർ ചോദ്യത്തിന് നൽകിയിരുന്ന ഉത്തരത്തിൽ പിശക് കടന്നുകൂടിയിരിക്കുന്നു. തിരുത്തിയ ഉത്തരം മേശപ്പുറത്തുവയ്ക്കുന്നു.†

(iii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

5 (*91) ഹയർ സെക്കണ്ടറി സ്കൂളുകളിലെ അദ്ധ്യാപക നിയമനം

ശ്രീ. കെ. സുധാകരൻ :

ശ്രീ. ബി. വിജയകുമാർ :

ശ്രീ. പി.ജെ. ജോയി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാ സവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹയർ സെക്കണ്ടറി സ്കൂളുകളിൽ അദ്ധ്യാപക നിയമനത്തിന് തെരഞ്ഞെടുക്കപ്പെടാൻ വേണ്ട യോഗ്യതകൾ എന്തൊക്കെയാ ണെന്ന് വ്യക്തമാക്കുമോ;

---

† അനുബന്ധം 1 (a)

LIBRARY ARCHIVES Kerala Legislative Assembly